പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2526 **28-10-2026-ൽ മറുപടിയ്ക്ക്**

പട്ടികജാതി പട്ടിക വിഭാഗങ്ങൾക്കായുള്ള കേന്ദ്ര പദ്ധതികളുടെ നടത്തിപ്പും ഫണ്ട് വിനിയോഗവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. രാജീവ് ചന്ദ്രശേഖർ
ശ്രീ. വി. മുരളീധരൻ
ശ്രീ. ബി. ബി. ഗോപകുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി കേന്ദ്രസർക്കാർ അനുവദിക്കുന്ന പ്രധാനമന്ത്രി അനുസൂചിത് ജാതി അഭ്യുദയ് യോജന, പ്രധാനമന്ത്രി ജനജാതിയ ഉന്നത് ഗ്രാം അഭിയാൻ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാനത്തെ നിലവിലെ നിർവഹണ പുരോഗതി വ്യക്തമാക്കുമോ;

മറുപടി: പ്രധാനമന്ത്രി അനുസൂചിത് ജാതി അഭ്യുദയ് യോജന (PM AJAY) പദ്ധതിയുടെ കീഴിലുള്ള നൈപുണ്യ വികസന പരിപാടിയിൽ 5 നൈപുണ്യ വികസന പരിശീലന സ്ഥാപനങ്ങളുമായി 12 വിവിധ നൈപുണ്യ വികസന കോഴ്സുകൾ നടപ്പിലാക്കി വരുകയും അവ അവസാന ഘട്ടത്തിലുമാണ്. കൂടാതെ പ്രസ്തുത പദ്ധതിയുടെ കീഴിലുള്ള വരുമാനദായക ഘടകത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുമായി ചേർന്ന് 11 വിവിധ വരുമാനദായക പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു.

പ്രധാനമന്ത്രി ആദർശ് ഗ്രാമയോജന (പി എം എ ജി വൈ) പദ്ധതി പ്രകാരം 3 ഗ്രാമങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. 3 ഗ്രാമങ്ങളുടെയും പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പുകൾ ഇ-ഗ്രാന്റ്സ് വിതരണത്തിലെ കാലതാമസം കാരണം തടസ്സപ്പെടുന്ന സാഹചര്യമില്ല. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികളുടെ സംസ്ഥാന വിഹിതം വിതരണം ചെയ്തശേഷം ഡേറ്റ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖേന ഷെയർ ചെയ്യുകയും തുടർന്ന് കേന്ദ്രവിഹിതം വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് നൽകി വരികയും ചെയ്യുന്നു.

അർഹരായ മുഴുവൻ പട്ടികജാതി വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് 2026-27 വർഷം ഇ-ഗ്രാന്റ്സ് പോർട്ടൽ ഓപ്പൺ ചെയ്യുന്ന തീയതികൾ മുൻകൂട്ടി വിജ്ഞാപനം ചെയ്യുകയും ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ മുഖേന എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

പ്രധാനമന്ത്രി ജനജാതിയ ഉന്നത് ഗ്രാം അഭിയാൻ എന്ന പദ്ധതി നിലവിൽ **ധർത്തി ആബാ ജൻജാതിയ ഗ്രാമ ഉത്കർഷ് അഭിയാൻ** എന്ന പേരിൽ നടപ്പിലാക്കുന്നു. കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ പുരോഗതി **അനുബന്ധം-I** ആയി ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട Post Matric Scholarship - 2026-2027 സാമ്പത്തിക വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതി (CSS-75:25) യിൽ ഉൾപ്പെടുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് SNA Sparsh സംവിധാനം മുഖേനയാണ് നടപ്പിലാക്കുന്നത്. ആയത് പ്രകാരം കേന്ദ്ര വിഹിതമായി 18.78 കോടി രൂപയും ടി തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതം 6.26 കോടി രൂപയുമായി ആകെ 25.04 കോടി രൂപ ലഭ്യമായിരുന്നു . ടി തുകയിൽ നിന്ന് 1627 പട്ടികവർഗ വിദ്യാർത്ഥികളുടെ 5164 ക്ലെയിമുകൾക്കായി 2.027 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇ-ഗ്രാന്റ്സ് പോർട്ടലിൽ വിദ്യാർത്ഥികളുടെ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് കാലതാമസമില്ലാതെ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട് .

(ബി) കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത പദ്ധതികൾക്കായി കേന്ദ്രസർക്കാർ നൽകിയ തുക എത്രയാണെന്നും അതിൽ എത്ര തുക വിനിയോഗിച്ചെന്നും കൃത്യസമയത്ത് ഫണ്ട് ചെലവഴിക്കാത്തത് മൂലം തുക വക മാറ്റുകയോ കേന്ദ്രത്തിലേക്ക് തിരിച്ചെടുക്കുകയോ ചെയ്തിട്ടുണ്ടോ എന്നും വിശദമാക്കുമോ;

<u>മറുപടി:</u> പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിൽ PM AJAY പദ്ധതി പ്രകാരം അനുവദിച്ച തുക ,ചെലവഴിച്ച തുക എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	അനുവദിച്ച തുക	ചെലവഴിച്ച തുക
2023-24	3,82,81,399	0
2024-25	2,20,52,250	3,12,97,500
2025-26	4,82,75,000	7,54,01,104

അനുവദിച്ച തുകയിൽ നിന്നും 1910045 രൂപ കേന്ദ്ര സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിൽ പി എം എ ജി വൈ പദ്ധതി പ്രകാരം അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	അനുവദിച്ച തുക	ചെലവഴിച്ച തുക
2023-24	4,98,500	0
2024-25	7,35,000	12,33,500
2025-26	28,45,000	27,37,447

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ നൽകിയ തുക എത്രയാണെന്നും അതിൽ എത്ര തുക വിനിയോഗിച്ചുവെന്നും ഉള്ള കണക്ക് **അനുബന്ധം-2** ആയി ചേർക്കുന്നു.

(സി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്രസ്കോളർഷിപ്പുകൾ ഇ-ഗ്രാൻഡ്സ് വിതരണത്തിലെ കാലതാമസം കാരണം തടസ്സപ്പെടുന്നുണ്ടോ; ഇത് പരിഹരിച്ച് അർഹരായ മുഴുവൻ വിദ്യാർഥികൾക്കും തുക സമയബന്ധിതമായി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

മറുപടി: പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പുകൾ ഇ-ഗ്രാന്റ്സ് വിതരണത്തിലെ കാലതാമസം കാരണം തടസ്സപ്പെടുന്ന സാഹചര്യമില്ല. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികളുടെ സംസ്ഥാന വിഹിതം വിതരണം ചെയ്തശേഷം ഡേറ്റ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖേന ഷെയർ ചെയ്യുകയും തുടർന്ന് കേന്ദ്ര വിഹിതം വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് നൽകി വരികയും ചെയ്യുന്നു.

അർഹരായ മുഴുവൻ പട്ടികജാതി വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് 2026-27 വർഷം ഇ-ഗ്രാന്റ്സ് പോർട്ടൽ ഓപ്പൺ ചെയ്യുന്ന തീയതികൾ മുൻകൂട്ടി വിജ്ഞാപനം ചെയ്യുകയും ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ മുഖേന എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അഡ്മിഷൻ പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ പോർട്ടലിൽ വിദ്യാർത്ഥികളുടെ അപേക്ഷകൾ അപ്ലോഡ് ചെയ്യുന്നതിനും അപേക്ഷകളിലെ തെറ്റുകൾ കാരണം സ്കോളർഷിപ്പ് തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങളും സ്കോളർഷിപ്പുകളും വിതരണം ചെയ്യുന്നതിൽ മുൻവർഷങ്ങളിൽ കാലതാമസം നേരിട്ടിരുന്നു . ഇ-ഗ്രാന്റ്സ് സംവിധാനത്തിലൂടെ ഫീസ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ സാങ്കേതിക പ്രശ്നങ്ങൾ നേരിട്ടതിനാലാണ് ഈ കാലതാമസം ഉണ്ടായത്. ഈ സാങ്കേതിക പരിമിതികൾ മറികടക്കുന്നതിനായി ജില്ലാതല ഓഫീസർമാർ മുഖേന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ് പദ്ധതികളിൽ സിംഗിൾ നോഡൽ ഏജൻസി (SNA SPARSH) പോർട്ടൽ വഴിയുള്ള ഫണ്ട് കൈമാറ്റത്തിൽ ഉണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് കേന്ദ്ര-സംസ്ഥാന തലങ്ങളിലെ എൻ.ഐ.സി. (NIC), ഐ.ടി. സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പാക്കിക്കൊണ്ട് സംയുക്ത പരിഹാര സംവിധാനം ഒരുക്കിയിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം, ഭവന നിർമ്മാണം, കുടിവെള്ളം, സോളാർ വൈദ്യുതി വിതരണം എന്നിവയ്ക്കായി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന വികസന പദ്ധതികളുടെ സംസ്ഥാനത്തെ നിർവഹണത്തിലെ പോരായ്മകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

മറുപടി: പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ചുവടെ ചേർക്കുന്നു.

ഭവന നിർമ്മാണം : PMAY-G പദ്ധതിയിൽ വീട് അനുവദിച്ച 560 ഗുണഭോക്താക്കളും PM-JANMAN പദ്ധതിയിൽ വീട് അനുവദിച്ച 523 ഗുണഭോക്താക്കളും ഉൾപ്പെടെ 1083 പേർക്ക് ഒരു ലക്ഷം രൂപ നിരക്കിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതമായി 10,83,00,000/- രൂപ 4225-02-283-99—Housing Scheme for the Homeless STs (Life Mission) ശീർഷകത്തിൽ നിന്നും പദ്ധതി നടപ്പിലാക്കുന്നതിനായി LSGD-ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിൽ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പി.വി.ടി.ജി ഗ്രാമങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള പുതിയ പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി മുഖേന ജൽ ജീവൻ മിഷന് സമർപ്പിച്ചിട്ടുണ്ട്. സോളാർ വൈദ്യുതി വിതരണം - PM JANMAN പദ്ധതിയുൾപ്പെടുത്തി ANERT മുഖേന നടപ്പിലാക്കുന്ന പി.വി.ടി.ജി മേഖലയിലെ സോളാർ വൈദ്യുതി വിതരണം സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് **അനുബന്ധം 3** ആയി ചേർക്കുന്നു. വൈദ്യുതീകരണത്തിന് അനുമതി ലഭ്യമായ 98 വീടുകളിൽ 88 വീടുകളുടെ വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 10 വീടുകളുടെ നിർമ്മാണം പൂർത്തിയായ ശേഷം തുടർ പ്രവർത്തികൾ നടത്താൻ സാധിക്കുന്നതാണ് എന്ന് ANERT അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം I
നിയമസഭാ ചോദ്യം 2526

1.ധർത്തി ആബാ ജൻജാതിയ ഗ്രാമ ഉത്കർഷ് അഭിയാൻ (DA-JGUA)

- ഡി.എ.-ജെ.ജി.യു.എ. (DA-JGUA) എന്നത് കേന്ദ്ര സർക്കാരിന്റെ 17 മന്ത്രാലയങ്ങൾ/വകുപ്പുകൾ നടപ്പിലാക്കുന്ന 25 ഇടപെടലുകൾ ഉൾക്കൊള്ളുന്ന, 2024 ഒക്ടോബർ 2-ന് ഇന്ത്യ ഗവൺമെന്റ് അവതരിപ്പിച്ച 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്.
- കേന്ദ്ര ട്രൈബൽ മന്ത്രാലയം ഉൾപ്പെടെയുള്ള 17 മന്ത്രാലയങ്ങളുടെ/വകുപ്പുകളുടെ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട്, Total Government സമീപനത്തിലൂടെ, 5 വർഷത്തിനുള്ളിൽ 30 സംസ്ഥാനങ്ങളിലെ/കേന്ദ്രഭരണ പ്രദേശങ്ങളിലെ 549 ജില്ലകളിലും 2,911 ബ്ലോക്കുകളിലുമായി 5 കോടിയിലധികം ഗോത്രവർഗ്ഗക്കാർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ, 63,843 ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളിലെ കുറവുകൾ പരിഹരിക്കാനും ആരോഗ്യം, വിദ്യാഭ്യാസം, അങ്കണവാടി സൗകര്യങ്ങൾ, ഉപജീവന അവസരങ്ങൾ എന്നിവയിലേക്കുള്ള പ്രവേശനം മെച്ചപ്പെടുത്താനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.
- കേരളത്തിൽ, പാലക്കാട്, ഇടുക്കി, വയനാട്, കാസർകോട് എന്നീ നാല് ജില്ലകളിലായി 9 വികസന ബ്ലോക്കുകൾ (അഴുത, ദേവികുളം, അട്ടപ്പാടി, പനമരം, പരപ്പ, കൊല്ലങ്കോട്, മാനന്തവാടി, സുൽത്താൻ ബത്തേരി, കൽപ്പറ്റ) ഉൾക്കൊള്ളുന്ന 89ഗ്രാമങ്ങൾ ഈ പദ്ധതിയിന് കിഴിൽ വരുന്നു .

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പ്രധാന ഘടകങ്ങളും പദ്ധതികളും

1. ട്രൈബൽ മൾട്ടിപർപ്പസ് മാർക്കറ്റിംഗ് സെന്ററുകൾ (TMMCs)
2. വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങൾ
3. കോഴിക്കോട് മെഡിക്കൽ കോളേജിലെ സെന്റർ ഓഫ് കോംപിറ്റൻസ് (CoC)
4. സംയോജിത പി.എം.യു. (Integrated PMU)

ലൈൻ വകുപ്പുകൾ നടപ്പിലാക്കുന്ന ഘടകങ്ങളും പദ്ധതികളും

വകുപ്പ് / മന്ത്രാലയം	പദ്ധതി / ഇടപെടൽ	ചുമതലകൾ
ഗ്രാമവികസനം (MORD)- തദ്ദേശ സ്വയംഭരണ വകുപ്പ്	PMAY-G (ഭവനം), PMGSY (റോഡുകൾ)	അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പക്കാ വീടുകൾ നിർമ്മിക്കുക. എസ്ടി ഭൂരിപക്ഷ ഗ്രാമങ്ങൾക്ക് എല്ലാ കാലവസ്ഥയിലും ഉപയോഗിക്കാവുന്ന റോഡ് കണക്റ്റിവിറ്റി നൽകുക.
കുടിവെള്ളവും	ജൽ ജീവൻ മിഷൻ (JJM)	ഗോത്രഗ്രാമങ്ങളിൽ 100%

ശുചീകരണവും-ജലവിഭവ വകുപ്പ് - ജൽ ശക്തി		പ്രവർത്തനക്ഷമമായ ഗാർഹിക കുടിവെള്ള കണക്ഷനുകൾ ഉറപ്പാക്കുക. 20 കുടുംബങ്ങളുള്ള പ്രദേശത്ത് കമ്മ്യൂണിറ്റി വാട്ടർ ടാപ്പുകൾ നൽകുക.
വൈദ്യുതി വകുപ്പ് / MNRE	റിവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (RDSS), പുതിയ സോളാർ പവർ സ്കീം	ലക്ഷ്യമിട്ട പ്രദേശങ്ങളിലെ വൈദ്യുതീകരിക്കാത്ത എല്ലാ എസ്ടി കുടുംബങ്ങൾക്കും പൊതു സ്ഥാപനങ്ങൾക്കും ഗ്രിഡ് വൈദ്യുതീകരണം ഉറപ്പാക്കുക. ഗ്രിഡ് എത്താത്ത ഇടങ്ങളിൽ ഓഫ്-ഗ്രിഡ് സൗരോർജ്ജവും സോളാർ റൂഫ്ടോപ്പുകളും നൽകുക.
ആരോഗ്യം & കുടുംബക്ഷേമം (MoHFW)	NHM (മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ), PM-JAY (ആയുഷ്മാൻ ഭാരത്)	ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് ദൂരെയുള്ള എസ്ടി ഉന്നതികളിലേക്ക് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ വിന്യസിക്കുക. ആയുഷ്മാൻ കാർഡുകൾ വഴി എസ്ടി കുടുംബങ്ങളുടെ എൻറോൾമെന്റ് നടപ്പിലാക്കുക.
പെട്രോളിയം & പ്രകൃതിവാതകം (MoPNG) / വനിതാ ശിശുവികസന വകുപ്പ്	പി.എം. ഉജ്ജ്വല യോജന (PMUY)	അർഹരായ ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് പാചക വാതക (എൽ.പി.ജി.) കണക്ഷനുകൾ നൽകുക.
വനിതാ ശിശുവികസനം (MoWCD)	സക്ഷം അങ്കണവാടി & പോഷൻ 2.0	പുതിയ സക്ഷം അങ്കണവാടികൾ നിർമ്മിക്കുക. മിനി അങ്കണവാടികളെ സക്ഷം അങ്കണവാടികളായി ഉയർത്തുക.
സ്കൂൾ വിദ്യാഭ്യാസം & സാക്ഷരത (DoSEL)	സമഗ്ര ശിക്ഷാ അഭിയാൻ (SSA)	സർക്കാർ/ST സ്കൂളുകളിൽ റസിഡൻഷ്യൽ ഹോസ്റ്റലുകൾ നിർമ്മിക്കുക.
ആയുഷ് / ആയുഷ് വകുപ്പ്	നാഷണൽ ആയുഷ് മിഷൻ	ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പോഷൻ വാടികകൾ സ്ഥാപിക്കുക.
ടെലികമ്മ്യൂണിക്കേ	ഭാരതെറ്റ് ഫണ്ട്	ഗോത്രഗ്രാമങ്ങൾക്ക് 4ജി/5ജി ഡിജിറ്റൽ

ഷൻസ് (DOT/USOF)		കണക്റ്റിവിറ്റി നൽകാനായി മൊബൈൽ ടവറുകൾ സ്ഥാപിക്കുക.
സ്കിൽ ഡെവലപ്മെന്റ് ലേബർ & എന്റർപ്രണർഷിപ്പ് വകുപ്പ് (MSDE)	സ്കിൽ ഇന്ത്യ മിഷൻ/VDVKS	ഗോത്ര ജില്ലകളിൽ സ്കില്ലിംഗ് സെന്ററുകൾ സ്ഥാപിക്കുക. വൻധൻ വികാസ് കേന്ദ്രങ്ങൾക്കായി പരിശീലനവും ബിസിനസ്സ് വികസനവും നടത്തുക.
ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി (MeitY)	ഡിജിറ്റൽ ഇന്ത്യ പ്രോഗ്രാം	മിഷൻ പ്രവർത്തനങ്ങൾക്കായി ഡിജിറ്റൽ ടൂളുകൾ, ഇ-ഗവേണൻസ്, ഐ.സി.ടി. അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നടപ്പിലാക്കുക.
കൃഷി & കർഷകക്ഷേമ വകുപ്പ് (DOAFW)	സുസ്ഥിര കൃഷി പദ്ധതികൾ	വനാവകാശ നിയമപ്രകാരമുള്ള (FRA) പട്ടയധാരികൾക്ക് കാർഷിക പിന്തുണയും പ്രകൃതി കൃഷി പ്രോത്സാഹനവും നൽകുക.
ഫിഷറീസ് & മൃഗസംരക്ഷണം (MoFAHD)	PMMSY (ഫിഷറീസ്), NLM (കന്നുകാലി വളർത്തൽ)	മത്സ്യകൃഷി പദ്ധതികളും കന്നുകാലി വളർത്തലും പ്രോത്സാഹിപ്പിച്ച് ഗ്രാമീണ ഉപജീവനം മെച്ചപ്പെടുത്തുക.
പഞ്ചായത്തീരാജ് (MoPR) & ടൂറിസം	RGSA, സ്വദേശ് ദർശൻ	ഗ്രാമസഭകൾക്കും പി.ആർ.ഐ. അംഗങ്ങൾക്കും മാനേജ്മെന്റ് അവകാശങ്ങളെക്കുറിച്ച് പരിശീലനം നൽകുക. ട്രൈബൽ ഹോം സ്റ്റേകൾ സ്ഥാപിക്കുന്നതിനെ പിന്തുണയ്ക്കുക.

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ ഭൗതിക സ്ഥിതി

- ട്രൈബൽ മൾട്ടിപർപ്പസ് മാർക്കറ്റിംഗ് സെന്ററുകൾ (TMMC)
- കേരളത്തിൽ രണ്ട് TMMC-കൾ ആരംഭിക്കുന്നതിന് PAC അനുമതി ലഭിച്ചിരിക്കുന്നു. വിവരങ്ങൾ താഴെ നൽകുന്നു:

ക്രമ നമ്പർ	**പദ്ധതിയുടെ സ്ഥലം**	**PO/TDO**	**അനുമതി ലഭിച്ച തുക (ലക്ഷത്തിൽ)**	**നിർവ്വഹണ ഏജൻസി**	**നിക്ഷേപിച്ച തുക (ലക്ഷത്തിൽ)**	**നിലവിലെ സ്ഥിതി / പുരോഗതി**

1	ചീങ്ങേരി	സുൽത്താൻ ബത്തേരി	100	പി.ഡബ്ല്യു.ഡി.	50	ചീങ്ങേരിയിൽ സ്ഥലം കണ്ടെത്തി പി.ഡബ്ല്യു.ഡി.-ക്ക് ഫണ്ട് കൈമാറിയിട്ടുണ്ട്.
2	അട്ടപ്പാടി	അട്ടപ്പാടി	100	കെ.ഇ.എൽ. (KEL)	-	Column Work പൂർത്തിയായിയിട്ടുണ്ട്.
ആകെ			**200.00**		**50.00**	

വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങൾ (ഹോസ്റ്റലുകൾ) - PAC അംഗീകരിച്ച പദ്ധതികൾ

- ഹോസ്റ്റൽ നിർമ്മാണം (സാമ്പത്തിക വർഷം: 2025-26)

ക്രമ നമ്പർ	പദ്ധതിയുടെ പേര്	PO/TDO ഓഫീസ്	അനുമതി ലഭിച്ച തുക (ലക്ഷത്തിൽ)	നിർവ്വഹണ ഏജൻസി	അനുവദിച്ച തുക (ലക്ഷത്തിൽ)	സ്ഥിതി
1	അധിക ബ്ലോക്ക് നിർമ്മാണം, പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ, അട്ടപ്പാടി	അട്ടപ്പാടി	275	KEL	98.08	വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.
2	എം.ആർ.എ	അട്ടപ്പാടി	275	KEL.	-	വർക്ക്

	സ്. ഡോർമിട്ടറി നിർമ്മാണം, അട്ടപ്പാടി					ഓർഡർ നൽകിയിട്ടുണ്ട് .

ഹോസ്റ്റലുകളുടെ നവീകരണവും അറ്റകുറ്റപ്പണികളും

സാമ്പത്തിക വർഷം	പദ്ധതികളുടെ എണ്ണം	അംഗീകരിച്ച തുക	അനുവദിച്ച തുക (ലക്ഷത്തിൽ)	സ്ഥിതി
2025-26	28	845.70	157.66	വർക്ക് ഓർഡർ നൽകിയിട്ടുണ്ട് .
2026-27	3	749.99	-	അംഗീകരിച്ചിട്ടുണ്ട് .
ആകെ		**1595.65**	**157.69**	

സെന്റർ ഓഫ് കോംപിറ്റൻസ് (CoC)

- സിക്കിൾ സെൽ അനീമിയയെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടെ, MoHFW മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി പ്രീ-നാറ്റൽ ഡയഗ്നോസിസിനുള്ള സൗകര്യങ്ങൾ, സാങ്കേതികവിദ്യ, ഗവേഷണ ശേഷി എന്നിവ സജ്ജീകരിച്ചിട്ടുള്ള സ്ഥാപനമാണ് CoC. കേരളത്തിൽ, കോഴിക്കോട് മെഡിക്കൽ കോളേജിലെ CoC-ക്കായി 6 ഇനം മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി നാഷണൽ ഹെൽത്ത് മിഷനുമായി (NHM) ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്.
- അനുവദിച്ച തുകയായ 4.9472 കോടി രൂപയിൽ ഇതുവരെ 2,57,47,000/- രൂപ ചെലവഴിക്കുന്നതിനായി ലഭിച്ചിട്ടുണ്ട് .

സംയോജിത പി.എം.യു. (Integrated PMU)

- സംസ്ഥാന, ജില്ലാ, ബ്ലോക്ക് തലങ്ങളിൽ DAJGUA-യുടെ നടപ്പാക്കൽ സംയോജിത പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (IPMU) ഉറപ്പാക്കുന്നു. IPMU-ന്റെ ആകെ തസ്തികകൾ 29 ആണ് (സംസ്ഥാന തലത്തിൽ 5, ജില്ലാ തലത്തിൽ 24).
- കേരളത്തിൽ, സംസ്ഥാനത്ത് 5 പേരും 7 ജില്ലകളിലായി 8 പേരും ഇതിൽ ഉൾപ്പെടുന്നു.
,

അനുബന്ധം -2

കഴിഞ്ഞ രണ്ട് വർഷങ്ങളിലെ പദ്ധതി പുരോഗതി
(DA-JGUA)
(തിരിച്ചെടുത്ത തുക ഉൾപ്പടെ)

പ്രവൃത്തി / ഘടകം	ആകെ അംഗീകരിച്ച തുക (ലക്ഷത്തിൽ)	ആകെ അനുവദിച്ചത് (2025-26+2026-27) (ലക്ഷത്തിൽ)	തിരിച്ചെടുത്തത്
ഹോസ്റ്റൽ നിർമ്മാണം	550	175.10 (52.50 + 122.60)	52.5
സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും അറ്റകുറ്റപ്പണികൾ	845.7	133.61 (53.08 + 80.53)	0
FRA സെൽ	129.89	64.90 (64.90 + 0.00)	64.85949
TMMC	200	200.00 (100.00 + 100.00)	50
സെന്റർ ഓഫ് കോംപിറ്റൻസ് (CoC)	494.72	494.72 (494.72 + 0.00)	237.25
SCD കൗൺസിലിംഗ് / അവബോധം	14.3	14.30 (14.30 + 0.00)	14.3
സംയോജിത PMU	206.00	103.12	0.00
FRA -Committed Liability	2.18	2.18	0.00
ആകെ	**2,442.79**	**1,187.93**	**418.91**

പദ്ധതിക്കായി അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

അനുബന്ധം -3

PHYSICAL PROGRESS

Details of PVTG beneficiaries to be electrified under PM-JANMAM Mission								
S.No.	**Name of District**	**Name of Block**	**Name of Village**	**Census Code of Village**	**Name of Habitation**	**Habitation ID**	**Total No of Beneficiaries/ HHs (in Nos.)**	**Electrified HHs (in Nos.)**
1	Malappuram	Kalikavu	Karulai	627477	Mancheeri	627476 H13	8	**8**
2	Palakkad	Kollengode	Muthalamada I	627680	Kuriyarkutty	627680 H02	69	**59**
3	Palakkad	Kollengode	Muthalamada I	627680	Thekkadi Allimooppan	627680 H03	20	**20**
4	Palakkad	Kollengode	Muthalamada I	627680	Thekkadi Allimooppan Akkare	627680 H03	1	**1**
TOTAL							98	**88**

Out of the **98 PVTG households sanctioned**, Electrification of **88 households have been successfully completed**. Solar Street Lighting Works in Mancheeri and Kuriyarkutty Tribal Hamlet still pending.

Note: Work on the remaining 10 houses is on hold due to local protests. The beneficiaries refused to install solar power plants in the current structures because they received sanction to build new houses at the same sites. Work can only proceed after their new houses are complete.